# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 794

28.02.2018-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.സ്വരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | (എ) ഇടക്കൊച്ചി ശുദ്ധജലവിതരണ പദ്ധതിയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ ഇടക്കൊച്ചി പാലത്തിന്റെ തെക്കേ അറ്റം വരെ 450 മി.മീറ്റർ ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. അരൂർ ഇടക്കൊച്ചി പാലത്തിനു സമീപം 500 മി.മീറ്റർ HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പാലത്തിന്റെ വടക്ക് ഭാഗത്ത് നിന്നും 1050 മീറ്റർ 450 മി.മി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. ബാക്കി 1000 മീറ്റർ 450 മി.മി. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ ഉടമ്പടി ഒപ്പുവച്ചു. പാമ്പായി മൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടേയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിന് 278 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് ഭൂതല സംഭരണിക്ക് മാത്രം DSR 2014 നിരക്കിൽ 346 ലക്ഷം രൂപ ആവശ്യമായി വന്നതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. അനുബന്ധ ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ് മുതലായവയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(..........2)

| | | |
|---|---|---|
| (ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(സി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | അരൂർ ഇടക്കൊച്ചി പാലത്തിനു സമീപം സ്ഥാപിക്കുന്ന 500 മി.മീ HDPE പൈപ്പും അതിന്റെ തുടർച്ചയായ 1050 മീറ്റർ 450 മി.മീ. HDPE പൈപ്പും സ്ഥാപിച്ച് നിലവിലുള്ള വിതരണ ശൃംഖലയുമായി യോജിപ്പിച്ച് ഭാഗികമായി 31.05.2018-ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ